little kites unit

**SNDP HSS MUVATTUPUZHA**

# mindroid

2019 - 2020

# ഉള്ളടക്കം


→ എന്റെ അദ്ധ്യാപിക

→ വയനാട് -കാഴ്ചകളിലൂടെ

→ ഇതുവായിക്കാതെപോകരുതേ

→ ചുവന്ന പൂമ്പാറ്റ

→ ബേപ്പൂർ സുൽത്താൻ

→ കമ്പ്യൂട്ടർ കഥകളിലൂടെ

→ പണ്ടുപണ്ടൊരു രാജ്യത്ത് - കുട്ടിക്കഥ

→ ഗുണപാഠകഥ

→ സ്കൂൾ ജാലകം




# എന്റെ അദ്ധ്യാപിക

എന്നെന്നും ഓർമ്മിക്കാൻ ഒരു ചെറു

പൂവിതളിന്റെ രൂപമായെൻ അദ്ധ്യാപിക

ഒരു ചെറു തൂവൽ പോലെന്നെ സ്പര്ശിച്ചോരദ്ധ്യാപിക

ഒരു ചെറു നോവുപോലും താരാത്തൊരാദ്ധ്യാപിക


എന്നെന്നും ഒരു വൃക്ഷത്തിന്നിതളുകൾ പോലെന്നെ
പുണർന്നൊരദ്ധ്യാപിക

ഉയരങ്ങളിലേക്ക് ചവിട്ടുപടിയാകാൻ എനിക്കെന്നാദ്ധ്യാപിക

ഒരിക്കലും മറക്കുകയില്ലെന്റെ അദ്ധ്യാപികയെ

ഞാൻ മരിക്കുവോളം .........

ഞാൻ മരിക്കുവോളം ...........



# വയനാട് കാഴ്ചകളുടെ സ്വർഗഭൂമി

പച്ചയും ചുവപ്പും ചേർന്നാൽ ഭംഗി തനിയെവരും......
വയനാട് - കാഴ്ചകളുടെ സ്വർഗഭൂമി.
കേരളത്തിൽ ഏറ്റവും കൂടുതൽ സഞ്ചാരികളെ ആകർഷിപ്പിക്കുന്ന ജില്ലയാണ് വയനാട്. പശ്ചിമഘട്ടത്തിൽ സ്ഥിതിചെയ്യുന്ന വയനാടിന്റെ ഭൂപ്രകൃതി വളരെ മനോഹരമാണ്. വിദേശികളും സ്വദേശികളുമടക്കം വരുന്ന ഒരു സ്വർഗഭൂമിയാണ് വയനാട്.



കനത്ത പാരമ്പര്യത്തിന്റെ ചരിത്രം പറയാനുള്ള വയനാടൻ മണ്ണും , ഇടതിങ്ങിയ കാടുകളും ,പ്ലാന്റേഷനുകളും വയനാടിനെ സ്വർഗഭൂമിയാകുന്നു.വയനാടിന്റെ ഈ ഭംഗിതന്നെയാണ് സഞ്ചാരികളെ വയനാട്ടിലേക്ക് ആകർഷിക്കുന്നത്.

കാടും മേടും ആ കാട്ടരുവികളും വിശ്വസുന്ദരമായ കുന്നിൻചെരിവുകളും പ്രകൃതിമനോഹാരിതയെ മയക്കുന്ന സ്വർഗഭൂമിയാണ് വയനാട്.വയനാട്ടിലെ കുന്നിൻചെരിവുകളിൽ
ആട്ടിൻകൂട്ടങ്ങൾ ആ നാടിന്റെ കാറ്റായ് താഴുക്കിവിടുന്നു.

ഇത് വയനാടിനെ കാഴ്ചകളുടെ സ്വർഗഭൂമിയാക്കാൻ കാരണമാക്കുന്നു.

# <u>ഇത് വായിക്കാതെ പോകരുതേ...</u>

## റോഡ് മുറിച്ചു കടക്കുമ്പൾ

ചിന്തിക്കുക : ഇതാണോ റോഡ് മുറിച്ചു കടക്കുവാനുള്ള ഏറ്റവും നല്ല സ്ഥലം ? പാർക്കു ചെയ്ത വാഹനങ്ങളുടെ പിന്നിലൂടെയാണോ ഞാൻ റോഡ് മുറിച്ചു കടക്കുന്നത് ?

നിൽക്കുക ;നോക്കുക കേൾക്കുക : ഇരുവശങ്ങളിലേക്കും പലപ്രാവശ്യം നോക്കുക . ഏതെങ്കിലും വാഹനത്തിന്റെ സൂചന ശബ്ദം കേൾക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കുക.



# ചുവന്ന പൂമ്പാറ്റ

ഉത്തരമില്ലാത്ത
ചോദ്യമായി
എല്ലാമാസവും മുന്നിൽ
പിരിഞ്ഞു പറക്കാറുണ്ട്
അന്നേരം ........
വെറുക്കൽ വാടിയ
പെൺചെടിയുടെ
ആത്മാവിൽ
ഒരു ദിർഘ്യ മൗനം
പൂവിടാറുണ്ട് .......



ചില തിരിച്ചറിവുകൾ
ക്ഷണ നേരത്തേക്
മറവിയുടെ പുതപ്പ്പുനിക്കി
അവളുടെ
ഓർമപൂകളുടെ
ഉള്ളിലേക് നിശ്ബ്ദം
അരിച്ചിറങ്ങാറുണ്ട്

# ബേപ്പൂർ സുൽത്താൻ



മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യ സമരസേനാനിയും ആയിരുന്ന 'ബേപ്പൂർ സുൽത്താൻ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 21 ന് (തിരുവിതാംകൂറിലെ (ഇപ്പോഴത്തെ) കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. മരണം 1994 ജൂലൈ 5 ന് 86-ാം വയസിൽ. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവും അധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാളായിരുന്നു അദ്ദേഹം. ജനകീയ കവിയായിട്ടാണ് അദ്ദേഹത്തെ പൊതുവെ അറിയപ്പെടുന്നത്. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും ആയിരുന്നു. ബഷീറിന്റെ ജീവിതം രസകരവും സാഹസികവുമായിരുന്നു. സ്കൂൾ പഠനകാലത്ത് (അഞ്ചാം തരം) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്ത് ചെന്ന് കാളവണ്ടി കയറി കോഴിക്കോട് എത്തിയ അദ്ദേഹം സ്വാതന്ത്ര്യസമര രംഗത്തേയ്ക്ക് എടുത്തുചാടി. മഹാത്മാഗാന്ധിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർ ശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട് ഉപ്പുസത്യഗ്രഹത്തിൽ അദ്ദേഹം പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത്സിങ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാലകൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർ ന്ന് കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അദ്ദേഹം അലഞ്ഞുതിരിഞ്ഞു നടന്നു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല.

അദ്ദേഹം ഉത്തരേന്ത്യയിൽ ഹിന്ദു സന്യാസിമാരുടേയും സൂഫിമാരുടേയും കൂടെ ജീവിച്ചു. പാചകക്കാരനായും മാജിക്കുകാരന്റെ സഹായിയായും

അദ്ദേഹം കഴിഞ്ഞു. മുഹമ്മദ് ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്ന് പറയാം. ലോകം ചുറ്റി സഞ്ചരിക്കുന്നതിനിടയിൽ കണ്ടെത്തിയ നിരവധി ജീവിതസത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.
പദ്മനാഭ പൈ പത്രാധിപരായിരുന്ന 'ജയകേസരി'യിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ആദ്യകഥയാണ് 'തങ്കം'. ജോലി അന്വേഷിച്ചാണ് അദ്ദേഹം പത്രാധിപരുടെ അടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും കഥ എഴുതി തന്നാൽ പ്രതിഫലം തരാം എന്ന മറുപടി കേട്ട മുഹമ്മദ് ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും ചട്ടുകാലും കോങ്കണ്ണും കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് 'തങ്കം'

## സാഹിത്യശൈലി

സാമാന്യം മലയാളഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും. വളരെക്കുറച്ചു മാത്രം എഴുതിയിട്ടും 'ബഷീറിയനിസം' അല്ലെങ്കിൽ 'ബഷീർ സാഹിത്യം' എന്നത് മലയാളത്തിലെ ഒരു സാഹിത്യ ശാഖയായി മാറിയത് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ കരുത്ത് കൊണ്ടായിരുന്നു. ഹാസ്യംകൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ചു, കൂടെ കരയിപ്പിക്കുകയും ചെയ്തു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അവ ജീവസുറ്റതായി, കാലാതിവർത്തിയായി. സമൂഹത്തിന് നേരെയുള്ള വിമർശനം നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിലൊളിപ്പിച്ചു വച്ചു. സമൂഹത്തിൽ ഉന്നത നിലവാരം പുലർത്തുന്നവർ മാത്രം നായകന്മാരാകുക, മുസ്‌ലിം കഥാപാത്രങ്ങളെ വില്ലന്മാരായി ചിത്രീകരിക്കുക തുടങ്ങിയ പ്രവണതകളിൽ നിന്നും നോവലുകൾക്ക് മോചനം നൽകിയത് ബഷീറാണ്.

## ഫാബി ബഷീർ

ഏറെ വൈകിയാണ് ബഷീർ വിവാഹം കഴിക്കുന്നത്. 1958 ഡിസംബർ 18-ന് ഫാത്തിമ ബീവിയെയാണ് വിവാഹം കഴിച്ചത്. ഫാത്തിമയുടെ 'ഫാ'യും ബീവിയുടെ 'ബി'യും ചേർന്നാണ് ഫാബിയായത്. തുടർന്നാണ് ഫാബി ബഷീറായത്. ബഷീറുമായുള്ള 36 വർഷത്തെ ദാമ്പത്യജീവിതത്തിന്റെ ഓർമകൾ ഉൾക്കൊള്ളുന്ന 'ബഷീറിന്റെ എടിയെ' എന്ന പേരിൽ ആത്മകഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലെ മറ്റാരും അറിയാത്ത അനുഭവങ്ങളും രഹസ്യങ്ങളുമാണ് ഈ പുസ്തകത്തിലൂടെ സാഹിത്യകാരിയായ അദ്ദേഹത്തിന്റെ ഭാര്യ ഫാബി ബഷീർ തുറന്നുപറയുന്നത്. താഹ മാടായിയുടെ രചനാസഹായത്താലാണ് ഈ കൃതി തയാറാക്കിയത്.

## പുരസ്കാരങ്ങൾ

കേന്ദ്രസാഹിത്യ അക്കാഡമി ഫെല്ലോഷിപ്പ് (1970), കേരള സാഹിത്യ അക്കാഡമി ഫെല്ലോഷിപ്പ് (1981), പത്മശ്രീ (1982), കാലിക്കറ്റ് സർവകലാശാലയുടെ ഡോക്ടർ ഓഫ് ലെറ്റേഴ്സ് ബിരുദം (1987), സംസ്കാരദീപം അവാർഡ് (1987), പ്രേം നസീർ അവാർഡ് (1992), ലളിതാംബിക അന്തർജ്ജനം അവാർഡ് (1992), മുട്ടത്തുവർക്കി അവാർഡ് (1993), വള്ളത്തോൾ പുരസ്കാരം (1993).

## പ്രധാന കൃതികൾ

### നോവൽ

പ്രേമലേഖനം (1943), ബാല്യകാലസഖി (1944), ആനവാരിയും പൊൻകുരിശും (1953), പാത്തുമ്മയുടെ ആട് (1959), മതിലുകൾ (1965), ശബ്ദങ്ങൾ (1947), സ്ഥലത്തെ പ്രധാന ദിവ്യൻ (1953), മരണത്തിന്റെ നിഴൽ (1951), മുച്ചീട്ടുകളിക്കാരന്റെ മകൾ (1951), ജീവിത നിഴൽപാടുകൾ (1954), താരാ സ്പെഷ്യൽസ് (1968), മാന്ത്രികപ്പൂച്ച (1968), ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് (1951).


### ചെറുകഥകൾ

ഭൂമിയുടെ അവകാശികൾ (1977), വിശ്വവിഖ്യാതമായ മൂക്ക് (1954), ജന്മദിനം (1945), ഓർമക്കുറിപ്പ് (1946), വിഡ്ഢികളുടെ സ്വർഗം (1948), വിശപ്പ് (1954), ചിരിക്കുന്ന മരപ്പാവ (1975), ആനപ്പൂട (1975), ശിങ്കിടിമുങ്കൻ (1991), യാ ഇലാഹി (1997).

### മറ്റു കൃതികൾ

അനുരാഗത്തിന്റെ ദിനങ്ങൾ (ഡയറി) ഭാർഗവീനിലയം (1985), കഥാബീജം, (നാടകത്തിന്റെ തിരക്കഥ) -(1945), അനർഘനിമിഷം (ലേഖനങ്ങൾ)-(1945), നേരും നുണയും (1969), ഓർമയുടെ അറകൾ (ഓർമക്കുറിപ്പുകൾ-1973), എം പി പോൾ (ഓർമക്കുറിപ്പുകൾ)-(1991), ചെവിയോർക്കുക! അന്തിമകാഹളം (പ്രഭാഷണം, 1987 ജനുവരിയിൽ കാലിക്കറ്റ് സർവകലാശാല ഡി ലിറ്റ് ബിരുദം നൽകിയപ്പോൾ നടത്തിയ പ്രഭാഷണം, സർപ്പയജ്ഞം (ബാലസാഹിത്യം), ബഷീറിന്റെ തിരഞ്ഞെടുത്ത കത്തുകൾ— മരണാനന്തരം പ്രസിദ്ധീകരിച്ചത്.
ഭാർഗ്ഗവീനിലയം- ബഷീറിന്റെ 'നീലവെളിച്ചം' എന്ന മൂലകഥയുടെ ചലച്ചിത്രാവിഷ്കാരമാണ്.
മതിലുകൾ: ബഷീറിന്റെ മതിലുകൾ എന്ന നോവൽ സിനിമയായിട്ടുണ്ട്. ഈ ചിത്രത്തിൽ വൈക്കം മുഹമ്മദ് ബഷീറായി അഭിനയിച്ച പ്രശസ്തനടനായ മമ്മൂട്ടിക്ക് മികച്ച നടനുള്ള ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്.

# കമ്പ്യൂട്ടർ കഥകളിലൂടെ



ഇന്ന് ജീവിതത്തിൽ ഒരു മേഖല പോലുമില്ല, കമ്പ്യൂട്ടറുകൾ പ്രവേശിക്കാത്തതായി. എന്നാൽ ഈ മാന്ത്രിക യന്ത്രത്തിന്റെ ചരിത്രം പലപ്പോഴും നമ്മൾ തിരിഞ്ഞു നോക്കാറില്ല.

## ഇരുപതാം നൂറ്റാണ്ടിനു മുമ്പ്

ആയിരക്കണക്കിന് വർഷങ്ങളായി കണക്കും വിരലുകളുപയോഗിച്ചുള്ള എണ്ണലുമൊക്കെ നിലനിന്നിരുന്നു. കൗണ്ടിങ് റോഡുകളും ടാലി സ്റ്റിക്കുകളും മറ്റുമായിരുന്ന ആദ്യകാല ഉപകരണങ്ങൾ. പിന്നീടാണ് 2400 ബി.സി. കാലഘട്ടത്ത് ബാബിലോണിയയിൽ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളിൽ നിന്ന് റോമൻ അബാക്കസ് എന്ന സംവിധാനം പരിണമിച്ചുണ്ടായത്. കല്ലുകളും മറ്റുമായിരുന്നു ആദ്യകാല അബാക്കസ്സുകളിൽ. ആകൃതികളുടെ വിസ്തീർണ്ണമളക്കാൻ കഴിയുന്ന പ്ളാനിമീറ്റർ ആയിരുന്നു അടുത്ത കണ്ടുപിടിത്തം. പിന്നീട് 1620 - 1630 സമയത്ത് ലോഗരിതം എന്ന കോഡിങ് ആശയവും, സ്ലൈഡ് റൂൾ എന്ന ഉപകരണവും ജന്മമെടുത്തു. ഗുണിക്കാനും ഹരിക്കാനും മുതലായ കണക്കുകൾ ചെയ്യാനായിരുന്നു ആദ്യം ഇത് നിർമ്മിച്ചതെങ്കിലും മാറ്റങ്ങളുണ്ടായപ്പോൾ റേസിപ്രോക്കലുകൾ, സ്ക്വ എയറുകൾ, സ്ക്വ എയർ റൂട്ടുകൾ തുടങ്ങിയ കണക്കുകളും ഇതിൽ ചെയ്യാമെന്നായി. ഡിഫറെൻഷ്യൽ ഇക്വേഷനുകളും ഇന്റഗ്രേഷനും ചെയ്യാൻ കഴിയുന്ന മെക്കാനിക്കൽ അനലോഗ് കംപ്യൂട്ടറായ ഡിഫറെൻഷ്യൽ അനലൈസറാണ് അടുത്ത പ്രധാന ചവിട്ടുപടി.

ആയിരത്തി എണ്ണൂറുകളിൽ അനേകം കണ്ടുപിടിത്തങ്ങളുണ്ടായി. ജോസഫ് മേരി ജാക്വഡ് 1801 ൽ ഒരു പഞ്ചിങ് കാർഡ് സംവിധാനം കണ്ടുപിടിച്ചു. കമ്പ്യൂട്ടറുകളുടെ പിതാവെന്നറിയപ്പെടുന്ന ചാൾസ് ബാബേജ് 1834 ൽ അനലിറ്റിക്കൽ എൻജിൻ കണ്ടുപിടിക്കുമ്പോൾ, ഒരു ബൃഹത്തായ ശാഖയ്ക്ക് തറക്കല്ലിട്ടു പൂർത്തിയാക്കുകയായിരുന്നു. 1835 ൽ സാമുവേൽ മോർസ്, മോർസ് കോഡ് കണ്ടുപിടിക്കുന്നതും 5 വർഷത്തിന് ശേഷം ജോർജ് ബൂൾ, ബൂളിയൻ അൾജിബ്ര കണ്ടുപിടിക്കുന്നതും കമ്പ്യൂട്ടറുകളുടെ വളർച്ചയിൽ വഹിച്ച പങ്ക് വളരെ നിർണ്ണായകമാണ്.

## ആദ്യ തലമുറ കമ്പ്യൂട്ടറുകൾ

വാക്വം ട്യൂബുകൾ ഉപയോഗിച്ചിരുന്ന വിലയേറിയതും ആകാരാവലിപ്പമുള്ളതുമായ ഈ കമ്പ്യൂട്ടറുകൾ മെഷിൻ ലാംഗ്വേജ് കമ്പ്യൂട്ടിങ്ങിലാണ് പ്രവർത്തിച്ചിരുന്നത്.ഇന്നത്തെ കമ്പ്യൂട്ടറുകളുടെ പ്രധാന സവിശേഷതയായ മൾട്ടിടാസ്കിങ് അതായത് ഒരേ സമയത്ത് പല കാര്യങ്ങൾ ചെയ്യുക, എന്നതിന് വിപരീതമായി, ഒരു സമയത്ത് ഒരു കണക്കു മാത്രം ചെയ്യാൻ സാധിക്കുമായിരുന്ന കംപ്യൂട്ടറുകളായിരുന്നു ഈ കാലഘട്ടത്തിലേത്.

- 1911 ൽ ഐ.ബി.എം. എന്ന സുപ്രധാന കമ്പ്യൂട്ടർ കമ്പനി രൂപീകരിച്ചു.
- 1937 ൽ അലൻ ട്യൂറിങ്ങിന്റെ നേതൃത്വത്തിൽ ട്യൂറിംഗ് മെഷീനും, ജോൺ വി.അടനാസെഫ് രൂപം നൽകിയ ആദ്യത്തെ ഡിജിറ്റൽ ഇലക്ട്രോണിക് കമ്പ്യൂട്ടറും കണ്ടുപിടിച്ചു.
- കോൺറാഡ് സ്യൂസിന്റെ ഇലക്ട്രോ മെക്കാനിക്കൽ 'സെഡ് മെഷീനു'കൾ രൂപകൽപന ചെയ്യപ്പെട്ടു. 1941 ലെ സെഡ് 3 എന്ന മോഡൽ പ്രത്യേക സവിശേഷത അർഹിക്കുന്നു. ആദ്യമായി ഒട്ടേറെ സാദ്ധ്യതകൾ മുന്നോട്ടു വെച്ച ഈ യന്ത്രം ആദ്യത്തെ പൂർണ്ണമായ കമ്പ്യൂട്ടറായി വാഴ്ത്തപ്പെടുന്നു.
- 1943 ൽ ജർമൻ സന്ദേശങ്ങൾ ഡീകോഡ് ചെയ്യുറിയാൻ കൊളോസസ്സ് എന്ന യന്ത്രവും ഒരു വർഷത്തിന് ശേഷം ഹാർവാർഡ് മാർക്ക് 1 എന്ന യന്ത്രവും കണ്ടുപിടിച്ചു.
- അമേരിക്കൻ സൈന്യത്തിന്റെ ബലിസ്റ്റിക്സ് റിസേർച്ച് ലബോറട്ടറി 1946 ൽ രൂപകല്പന ചെയ്ത ഇലക്ട്രോണിക് ന്യൂമെറിക്കൽ ഇന്റെഗ്രേറ്റർ ആൻഡ് കമ്പ്യൂട്ടർ (എനിയാക്ക്) കമ്പ്യൂട്ടർ പരിണാമത്തിൽ ഏറ്റവും സവിശേഷതയേറിയ അംഗങ്ങളിലൊന്നാണ്. ആദ്യ പൊതു ഉപയോഗ ഇലക്ട്രോണിക്

കമ്പ്യൂട്ടർ എന്നിതറിയപ്പെട്ടു. എന്നിരിക്കിലും, ഒത്തിരിയധികം വ്യാപ്തിയുള്ള ഒരു യന്ത്രമായിരുന്നു ഇത്.

- ഡയോഡുകളെ വിനിയോഗിച്ച് യുക്തിപരമായ തീരുമാനങ്ങൾ സ്വീകരിച്ച 1950 ലെ സ്റ്റാൻഡേർഡ്സ് ഇലക്ട്രോണിക് ഓട്ടോമാറ്റിക് കമ്പ്യൂട്ടർ ആദ്യമായി ഘന വസ്തുവിൽ ലോജിക്കൽ പ്രക്രിയകൾ ചെയ്യുന്ന യന്ത്രമായി.

## രണ്ടാം തലമുറ കമ്പ്യൂട്ടറുകൾ

വാക്വം ട്യൂബുകൾ മാറ്റിക്കൊണ്ട് ട്രാന്സിസ്റ്ററുകൾ രംഗത്തെത്തുന്നതോടെയാണ് അടുത്ത കമ്പ്യൂട്ടർ തലമുറ 1960 കളിൽ ജന്മമെടുക്കുന്നത്. അസംബ്ലി ലാംഗ്വേജ് വഴി പ്രവർത്തിച്ചിരുന്ന ഇവ ഇൻപുട്ടിനായി പഞ്ച്ട് കാർഡ് സംവിധാനമുപയോഗിച്ചു. ഈ കമ്പ്യൂട്ടറുകൾ വളരെ ഊർജ്ജക്ഷമമായിരുന്നു. വലിപ്പവും വിലയും കുറഞ്ഞെങ്കിലും ട്രാന്സിസ്റ്ററുകൾ ഒത്തിരിയധികം യന്ത്രത്തെ ചൂടാക്കിയിരുന്നു എന്നതാണ് ഒരു പ്രധാന വസ്തുത.

- സ്റ്റാൻഫോർഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇലക്ട്രോണിക് റെക്കോർഡിങ് മെഷീൻ അക്കൗണ്ടിങ് പ്രൊജക്ട് പുറത്ത് കൊണ്ടുവന്ന ബാങ്കി.ങ് മേഖലയിലെ ബുക്കീപ്പിംഗ് ചെയ്യാൻ സാധിക്കുന്ന യന്ത്രമായിരുന്നു ഇത്.

## മൂന്നാം തലമുറ കമ്പ്യൂട്ടറുകൾ

ഇന്റഗ്രേറ്റഡ് സർക്യൂട്ടുകൾ എന്ന സംവിധാനമാണ് ഈ തലമുറയിലെ കമ്പ്യൂട്ടറുകളിൽ ഘടിപ്പിച്ചിരിക്കുന്നത്. ഇത് യന്ത്രങ്ങളുടെ വേഗവും കാര്യക്ഷമതയും ഒട്ടേറെ വർദ്ധിപ്പിച്ചു. കീബോർഡ്, മോണിട്ടർ എന്നീ ഇൻപുട്-ഔട്ട്പുട്ട് സംവിധാനങ്ങൾ, ഉപയോഗിക്കുന്ന വ്യക്തിയുമായിട്ടുള്ള ആശയവിനിമയത്തിനുതകുന്ന ഓപ്പറേറ്റിംഗ് സിസ്റ്റം (ഒ.എസ്.), തുടങ്ങിയവ കമ്പ്യൂട്ടർ പ്രവർത്തനത്തതിന് ഒരു വ്യക്തമായ ഘടന നൽകി. 1960 കാലഘട്ടത്ത് സി.ഒ.ബി.ഒ.എൽ. (കോബോൾ) എന്ന കമ്പ്യൂട്ടർ ഭാഷയും, പിന്നീട് 1964 ൽ ബി.എ.എസ്.ഐ.സിയും (ബേസിക്) പുറത്ത് വന്നു. ഐ.ബി.എം. മേഖലയിൽ കാര്യമായ മുന്നേറ്റങ്ങൾ നടത്തുന്നതിലൂടെ കളർ ഡിസ്പ്ലേ സാധ്യമായി. തൊണ്ണൂറുകളിൽ സി.ആർ.ടി. സാങ്കേതികതയാണെങ്കിൽ, എൽ.സി.ഡി. സാങ്കേതികത 2000 ങ്ങളിൽ ഉപയോഗത്തിലെത്തി. ഐ.ബി.എമ്മിലൂടെ തന്നെ

സ്റ്റോറേജ് യന്ത്രങ്ങളുടെ ആദ്യ ശ്രേണിയായ ഫ്ലോപ്പി ഡിസ്ക്കുകൾ പുറത്തുവന്നു.

- 1968 ൽ പി.ഡി.പി. 8 എന്ന ആദ്യ മിനി കമ്പ്യൂട്ടർ പുറത്തുവന്നു.
- 1969 ൽ എ.ആർ.പി.എ.എൻ.ഇ.ടി. (അർപാനെറ്റ്) സംവിധാനത്തിന്റെ പുരോഗമനം തുടങ്ങി.

## നാലാം തലമുറ കമ്പ്യൂട്ടറുകൾ

ആയിരക്കണക്കിന് ഇന്റഗ്രേറ്റഡ് സർക്യൂട്ടുകൾ ഒരു സിലിക്കൺ ചിപ്പിൽ ഘടിപ്പിച്ചുണ്ടാക്കുന്ന മൈക്രോ പ്രൊസസ്സറുകളാണ് ഈ തലമുറയുടെ സവിശേഷത.

- ഇന്റൽ ഇന്റഗ്രേഷൻ സർക്യൂട്ടുകളും മൈക്രോപ്രൊസസ്സറുകളും വൻതോതിൽ നിർമ്മിച്ചു.
- 1972 ൽ 8080 മൈക്രോ പ്രോസസറുകൾ ഇന്റൽ രംഗത്തിറക്കി.
- 1984 ജനുവരി 24 ന് ആപ്പിൾ കംപ്യൂട്ടേഴ്സ് മക്കിന്റോഷ് പി.സി. വിപണിയിലിറക്കി.
- 1988 ൽ അമേരിക്കയിൽ മാത്രം 45 കോടിയിലേറെ കമ്പ്യൂട്ടറുകൾ വിറ്റുപോയെങ്കിൽ, 2002 ൽ ഈ കണക്ക് 100 കോടിയിലെത്തി



## അഞ്ചാം തലമുറ കമ്പ്യൂട്ടറുകൾ

**പ്രതിദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളുടെ ഈ തലമുറയിൽ, ഓരോ നിമിഷവും അനേകമനേകം പരിണാമങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു കണക്ക് ഒരു സമയം ചെയ്യാം എന്നതിൽ നിന്ന് ഇന്ന് കോടിക്കണക്കിനു ചോദ്യങ്ങൾക്ക് നൊടിയിടയിൽ ഉത്തരം കണ്ടെത്തുന്ന സൂപ്പർ കമ്പ്യൂട്ടറുകളും, മനുഷ്യന്റെയും മറ്റും ശബ്ദം തിരിച്ചറിയാനുള്ള കഴിവും, മനുഷ്യ ഭാഷകൾ മനസിലാക്കാനുള്ള ശേഷിയും വരെ എത്തി നിൽക്കുന്നു ശാസ്ത്ര സാങ്കേതിക വിദ്യയുടെ കണ്ടുപിടിത്തങ്ങൾ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന മേഖലയിൽ ലോകമാകെ ഗവേഷണങ്ങൾ നടക്കവേ, മനുഷ്യന്റെ ബുദ്ധി മികവിനെ യാന്ത്രികമായ ഇന്റലിജൻസ് തോൽപ്പിക്കുമോ എന്ന് പോലും കണ്ടറിയേണ്ടിയിരിക്കുന്നു. ചിന്തിക്കാനുള്ള കഴിവാണ് മനുഷ്യനെ യന്ത്രങ്ങളിൽ നിന്ന് മാറ്റി നിർത്തിയിരുന്നത്. ഇനി അതിലും മാറ്റം വരുമോ?**

## കമ്പ്യൂട്ടർ അന്നുമുതൽ ഇന്നുവരെ



# പണ്ട് പണ്ടൊരു രാജ്യത്ത് ...

(കുട്ടികഥ)



പണ്ട് പണ്ടൊരുരാജ്യത്ത് പ്രജ്ഞാ തൽപരനായ ഒരു രാജാവുണ്ടായിരുന്നു. ആ രാജ്യത്തെ ജനങ്ങളെല്ലാം പൊതുവെ സന്തോഷവാൻമാരായിരുന്നു.അങ്ങനെയിരിക്കെ, പെട്ടെന്നുണ്ടായ ഒരു കാലവർഷക്കെടുതിയിൽ അവരുടെ കൃഷിയെല്ലാം നശിക്കുകയും രാജ്യത്തെ ജനങ്ങൾ പട്ടിണിയിലാകുകയും ചെയ്യ്തു. നല്ലവനായ രാജാവ് ആകെ വിഷമത്തിലായി.അദ്ദേഹം മന്ത്രിമാരെ വിളിച്ചു എന്നിട്ട് അവരോടു പറഞ്ഞു

"രാജ്യത്തെ ജനങ്ങളെല്ലാം പട്ടിണികൊണ്ട് വലയുകയാണ് .നമുക്ക് എന്തുചെയ്യാൻ കഴിയും? പക്ഷെ രാജ്യത്തിണ്റ്റെ സമ്പത്തായ കുഞ്ഞുങ്ങൾ ഒരിക്കലും വിശന്നു വലയാൻ ഇടയാകരുത്. അതുകൊണ്ട് ഇന്നു മുതൽ കുഞ്ഞുങ്ങൾക്ക് ഈ കൊട്ടാരത്തിൽ നിന്നും റൊട്ടി ദാനം ചെയ്യുവാൻ നാം കൽപിക്കുന്നു".
അങ്ങനെ ദിവസവും കുട്ടികൾ റൊട്ടിക്കായി കൊട്ടാരത്തിലേക്കു വന്നു തുടങ്ങി.കുട്ടികളല്ലേ, ഏറ്റവും വലിയ റൊട്ടി ആദ്യം കൈക്കലാക്കാനായി എന്നും തിക്കും തിരക്കും തന്നെ. തണ്റ്റെ രാജ്യത്തിണ്റ്റെ ഭാവിപൌരൻമാരെ രാജാവ് രഹസ്യമായി വീക്ഷിക്കുവാൻ തുടങ്ങി.ക്രൂട്ടത്തിൽ ഒരു പെൺ കുട്ടിയെ രാജാവ് പ്രത്യേകം ശ്രദ്ധിച്ചു

ഒട്ടും ആർത്തികാണിക്കാതെ കുട്ടയിൽ അവശേഷിക്കുന്ന അവസാനത്തെ റൊട്ടിക്കഷണവുമായി അവൾ നടന്നു നീങ്ങും.

ഒരു ദിവസം പതിവുപോലെ അവൾ ഏറ്റവും ചെറിയ റൊട്ടിയുമെടുത്ത് വീട്ടിലേക്കു മടങ്ങി.റൊട്ടി മുറിച്ചപ്പോൾ അവളുടെ മാതാപിതാക്കൾ അത്ഭുതപ്പെട്ടു പോയി.അതിൽ നിറയെ സ്വർണ്ണ നാണയങ്ങൾ!!!!!. സത്യസന്ധരായ ആപാവങ്ങൾ സ്വർണ്ണനാണയവുമായി കൊട്ടാരത്തിലേക്കോടി.രാജാവ് അവരോടു പറഞ്ഞു"നിങ്ങൾ തീർച്ചയായും വരുമെന്ന് എനിക്കറിയാമായിരുന്നു. നല്ലവരായ മാതാപിതാക്കളുടെ

മക്കളും നല്ലവരായിരിക്കുമല്ലോ? ഈ സ്വർണ്ണനാണയങ്ങൾ നിങ്ങളുടെ മകളുടെ സൽ സ്വഭാവത്തിനുള്ള എണ്റ്റെ വക സമ്മാനമാണ്.അവൾ വിനയമുള്ളവളും,തെല്ലും സ്വാർത്ഥതയില്ലാത്തവളും ആണ്.
തമ്മിൽ തമ്മിൽ സ്നേഹിക്കുകയും,ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ജനങ്ങളെയാണ് ഈ രാജ്യത്തിണ്റ്റെ ഭാസുര ഭാവിക്കാവശ്യം".രാജാവ് പറഞ്ഞു നിർത്തി.അദ്ദേഹം ആകൊച്ചു പെൺ കുട്ടിയെ നോക്കി പുഞ്ചിരുകി. "







# <u>ഗുണപാഠകഥകൾ</u>



ഒരു നായ ഒരു ദിനം ഉച്ചയുറക്കത്തിനായി തിരഞ്ഞെടുത്തത് ഒഴിഞ്ഞു കിടന്ന കാലിത്തൊഴിത്തിലെ പുൽത്തൊട്ടിയാണ്.
വൈകുന്നേരമായപ്പോൾ ജോലിയെല്ലാം കഴിഞ്ഞു തൊഴുത്തിലെത്തിയ കാള വൈക്കോൽ ഭക്ഷിക്കാൻ പുൽത്തൊട്ടിയെ സമീപിച്ചപ്പോൾ നായയുണ്ടോ സമ്മതിക്കുന്നു.
കുരച്ചും കൊണ്ട് നായ, കാളയെ അകറ്റി നിർത്തി. വിശന്നു മടങ്ങവേ കാള പിറുപിറുത്തു: "ചിലർ ഇങ്ങനെയാണ്, തിന്നുകയുമില്ല, തിന്നാനൊട്ടു സമ്മതിക്കുകയുമില്ല"

# ഉറുമ്പും പുൽച്ചാടിയും



അത് വേനൽക്കാലം ആയിരുന്നു. പുൽച്ചാടി പാടത്തു തുള്ളിക്കളിച്ച് പാട്ടുപാടി മതിമറന്നാഹ്ലാദിക്കുകയായിരുന്നു. ഒരു ധാന്യമണി തന്റെ കൂട്ടിലേക്ക് കഷ്ടപ്പെട്ട് വലിച്ചുകൊണ്ടു പോകുകയായിരുന്ന ഉറുമ്പ് ആ വഴി കടന്നുപോയി.
"ഇങ്ങനെ കഷ്ടപ്പെടാതെ," പുൽച്ചാടി ചോദിച്ചു, "നിനക്കെന്താ എന്നോടൊത്തു കളിച്ചാൽ?"

"ഞാൻ മഞ്ഞുകാലത്തേക്ക് ഭക്ഷണം ശേഖരിക്കുകയാണ്", ഉറുമ്പ് പറഞ്ഞു. "നീയും അങ്ങനെ ചെയ്താൽ നന്നായിരിക്കും".
"മഞ്ഞുകാലത്തെക്കുറിച്ച് എന്തിനു പ്രയാസപ്പെടണം?" പുൽച്ചാടി ചോദിച്ചു, "നമുക്കിപ്പോൾ ധാരാളം ഭക്ഷണമുണ്ടല്ലോ." പക്ഷെ ഉറുമ്പ് തന്റെ പ്രയത്നം തുടർന്നു.
മഞ്ഞുകാലം വന്നു. പുൽച്ചാടി പട്ടിണി കിടന്നു ചാകാറായി. ഉറുമ്പുകൾ തങ്ങൾ ശേഖരിച്ച ഭക്ഷണം എന്നും വിതരണം ചെയ്യുന്നത് അവൻ കണ്ടു. അപ്പോളവനു മനസ്സിലായി:

*ഗുണപാഠം: സമ്പത്ത് കാലത്ത് തൈ പത്തുവെച്ചാൽ ആപത്ത് കാലത്ത് കാ പത്തു തിന്നാം.*

# സ്ക്കൂൾ ജാലകം

## സംസ്ഥാന നേട്ടങ്ങളിലൂടെയുള്ള ജൈത്രയാത്ര ......

- സംസ്ഥാന സ്ക്കൂൾകലോത്സവത്തിൽ ഹൈസ്ക്കൂൾവിഭാഗം കേരളനടനത്തിൽ ഗ്രേഡ്
- സംസ്ഥാന സ്ക്കൂൾകലോത്സവത്തിൽ ഹൈസ്ക്കൂൾവിഭാഗംഅഞ്ചാംവർഷവും ഉർദുസംഘഗാനത്തിൽ എ ഗ്രേഡ്
- സംസ്ഥാന സ്ക്കൂൾകലോത്സവത്തിൽ ഹൈസ്ക്കൂൾവിഭാഗംഹയർസെക്കണ്ടറി വിഭാഗം വഞ്ചിപ്പാട്ട് എ ഗ്രേഡ്
- സംസ്ഥാന സ്ക്കൂൾകലോത്സവത്തിൽ ഹൈസ്ക്കൂൾവിഭാഗംഹയർസെക്കണ്ടറി വിഭാഗം സംസ്കൃതപ്രഭാഷണം എ ഗ്രേഡ്
- കബഡി സ്റ്റേറ്റ് സോണൽ മത്സരങ്ങളിൽ ഹൈസ്ക്കൂൾ & ഹയർസെക്കണ്ടറി വിഭാഗങ്ങളിൽ വിജയികൾ
- റസ്ലിങ് ഹയർസെക്കണ്ടറി വിഭാഗം സംസ്ഥാന മത്സരങ്ങളിൽ വിജയം
- കരാട്ടെ ഹയർസെക്കണ്ടറി വിഭാഗം സംസ്ഥാന മത്സരങ്ങളിൽ വിജയം
- സയൻസ് ടാലെന്റ്റ് സെർച്ച് എക്സാമിനേഷൻ

  സംസ്ഥാനതലത്തിൽ വിജയം


MagCollage
Enjoy Life
കേരള സ്കൂൾ കലോത്സവം
2019-2020 കാഞ്ഞങ്ങാട്
സംസ്ഥാന സ്കൂൾ കലോത്സവത്തിൽ
തുടർച്ചയായി അഞ്ചാം വർഷവും
ഹൈസ്കൂൾ വിഭാഗം
ഉർദു സംഘഗാനത്തിൽ A ഗ്രേഡ്
ഹൈസ്കൂൾ വിഭാഗം
കേരള നടനത്തിൽ
A ഗ്രേഡ് കരസ്ഥമാക്കിയ
അനന്ദു സാജു
അഭിനന്ദനങ്ങൾ
SNDP ഹൈസ്കൂൾ, മൂവാറ്റുപുഴ
Sp Adobe Spark